**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **07-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മൂന്നുവർഷം മുൻപ് കരാർ വച്ചെങ്കിലും കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി പൂർത്തിയാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി പാതിവഴിയിലായതിനാൽ കണ്ണൂർ എയർപോർട്ടിലേക്കും വയനാട്ടിലേക്കും കോഴിക്കോട്ടേക്കുമുള്ള ഗതാഗതതിരക്കേറിയ റോഡുകൾ സംഗമിക്കുന്ന കുറ്റ്യാടി ടൗണിന്റെ ഹൃദയഭാഗത്ത് പൊതുജനങ്ങളും, കച്ചവടക്കാരും വലിയ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി നിലവിൽ 45% മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കരാറുകാരനോട് പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കാൻ കർശന നിർദ്ദേശം നൽകിയെങ്കിലും കയ്യേറ്റങ്ങൾ നിലനിൽക്കുന്നുണ്ടെന്നും, സൈറ്റ് തടസ്സരഹിതമല്ല എന്നും കാണിച്ച് ബഹു.ഹൈക്കോടതിയിൽ WP(C)35682/2022 ഫയൽ ചെയ്തിട്ടുണ്ട്. കരാറുകാരൻ തുടർനടപടികളിൽ സ്റ്റേ സമ്പാദിക്കുകയും തുടർന്ന് കോടതി നിർദ്ദേശ പ്രകാരം കരാറുകാരനുമായുള്ള ഹിയറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ട് |
| (ബി) | ഈ പ്രവൃത്തിയുടെ ഭാഗമായി ഡ്രെയിനേജിനായി കുഴിച്ച കുഴികളിൽ മഴവെള്ളം കെട്ടിക്കിടന്ന് യാത്രക്കാർക്ക് അപകട ഭീഷണി ഉയർത്തുന്ന സാഹചര്യം പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | ഡ്രൈനേജ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള ബാലൻസ് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ ഡ്രൈനേജിൽ വെള്ളം കെട്ടിക്കിടന്ന് യാത്രക്കാർക്ക് അപകട ഭീഷണി ഉയർത്തുന്ന സാഹചര്യം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കരാറുകാരൻ നൽകിയ കേസ് തീർപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തുടർപ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നിയമോപദേശം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ